# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1520

12.06.2019 - ൽ
മറുപടിയ്ക്ക്

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ക്യാഷ്വൽ തൊഴിലാളികൾ

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഇരുന്നൂറിലധികം ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷി ത്തോട്ടത്തിൽ 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളുമാണ് പണിയെടുക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ 10 സ്ഥിരം തൊഴിലാളികളും 286 ക്യാഷ്വൽ തൊഴിലാളികളും ജോലി ചെയ്തു വരുന്നു. |
| ബി) 300-ൽ അധികം പേർ പണിയെടുക്കുന്ന പ്രസ്തുത ഫാമിന്റെ നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് 111 മാത്രമാണെന്നുള്ളതും ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഇവിടെ ജോലി നോക്കുന്ന 296 ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) നിലവിലുള്ള 101 സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) 300-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന പ്രസ്തുത ഫാമിന്റെ സ്റ്റാഫ് സ്ട്രെങ്ത് 111-ൽ നിന്നും വർദ്ധിപ്പിച്ച് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തു ന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) ഫാമിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനനുസരിച്ച് ആനുപാതികമായി തൊഴിലാളികളുടെ എണ്ണവും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ